**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4995** **11-08-2021 - ൽ മറുപടിയ്ക്ക്**

**ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബി.എച്ച്.എം.എസ്. 2016-17 ബാച്ചിൽ തിരുവനന്തപുരം നേമം ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ കേരള മെഡിക്കൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിരുന്നു; | (എ) | കേരള മെഡിക്കൽ പ്രവേശന പരീക്ഷാ റാങ്കിന്റെ അടിസ്ഥാനത്തിൽ 42 ഉം മാനേജ്മെന്റ് ക്വാട്ടയിൽ 8-ഉം ഉൾപ്പെടെ 50 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിരുന്നു. |
| (ബി) | പ്രസ്തുത കോളേജിന് ലെറ്റർ ഓഫ് പെർമിഷൻ നൽകിയില്ല എന്ന കാരണത്താൽ 2016-17 ബാച്ചിലെ ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്നും WP(C)No.10527/2021, WP(C)No.35766/2016 കേസുകളുടെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി വിദ്യാർത്ഥികൾക്കനുകൂലമായി വിധി പ്രസ്താവിച്ചിരുന്നോ എന്നും വ്യക്തമാക്കുമോ; | (ബി) | നേമം ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന് കേന്ദ്ര ആയുഷ് വകുപ്പിൽ നിന്നും ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കാത്തതിനാൽ 2016-17 ബാച്ച് അഡ്മിഷൻ നടക്കാതെ വരുകയും തുടർന്ന് പ്രസ്തുത കോളേജ് മാനേജ്മെന്റ് ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം.35766/2016-ൽ മേലുള്ള 30.11.2016-ലെ അനുകൂല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുകയും ചെയ്തിരുന്നു. അഡ്മിഷൻ നേടിയ പ്രസ്തുത ബാച്ചിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര ആയുഷ് വകുപ്പിന്റെ ലെറ്റർ ഓഫ് പെർമിഷൻ-ന്റെ അഭാവത്തിൽ കേരള ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ നൽകാതെ താത്കാലിക രജിസ്ട്രേഷൻ അനുവദിക്കുകയും വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലെ പരീക്ഷകൾ എഴുതിയും വന്നിരുന്നു. പ്രസ്തുത ബാച്ചിന്റെ കോഴ്സ് അവസാനിക്കാറായ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് കേരള ആരോഗ്യ സർവ്വകലാശാലയുടെ സ്ഥിര രജിസ്ട്രേഷൻ ആവശ്യമായതിനാൽ വിദ്യാർത്ഥികൾ ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) നം.10527/2021 കേസ് ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 04.06.2021-ലെ അനുകൂല വിധിന്യായം പ്രകാരം ടി ബാച്ചിന് ലെറ്റർ ഓഫ് പെർമിഷൻ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (സി) | അവസാന വർഷ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഈ ബാച്ചിലെ വിദ്യാർത്ഥികൾക്ക് ബഹു . ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് വകുപ്പ് ലെറ്റർ ഓഫ് പെർമിഷൻ അനുവദിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ ബന്ധപ്പെട്ട കോളേജ് അധികാരികൾക്ക് സ്വീകരിക്കാവുന്നതാണ്. നിലവിൽ അവസാന വർഷ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പ്രസ്തുത ബാച്ചിലെ വിദ്യാർത്ഥികൾക്ക് 06.09.2021-ന് തുടങ്ങുന്ന അവസാന വർഷ ബി.എച്ച്.എം.എസ്. പരീക്ഷ എഴുതുവാനുള്ള എല്ലാ ക്രമീകരണങ്ങളും പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ